**1112**

*രീതി: ഭക്തരിൻ വിശ്വാസ ജീവിതം*

1 പോകുക വേഗം നാം പോകുക സോദരാ
പോകുക കർത്തനായ് പോർ ചെയ്യുവാൻ
ചേരുക വേഗം നാം പോയിടാം നാഥനായ്
പോർക്കള ധീരരായ് പോർ പൊരുതീടുവാൻ

2 നോക്കുക ദൂരെ നാം കാണുന്നില്ലെ
മുത്തുവിളഞ്ഞു കിടക്കും വയൽ
കൊയ്ത്തിനായ് പോകുക ഒട്ടും മടിക്കാതെ
ആർപ്പോടെ കറ്റ ചുമന്നുകൊണ്ടുവരാൻ-

3 നാഥൻ വചനത്തെ വാളായിട്ടും
വേദത്തിൻ സത്യം പരിചയുമായ്
വിശ്വാസമെന്ന ശിരസ്ത്രം ധരിച്ചു നാം
രക്ഷയ്ക്കായ് നീതികവചം ധരിച്ചും നാം-

4 വീടുകൾ മേടുകൾ കാടുകളും
വേലിയ്ക്കരികിലും പോയിടുകാ
തേടുക നാഥനായ് ആത്മാക്കളെ വേഗം
നാളെ നമുക്കുള്ളതല്ലയെന്നോർക്കണം-

5 നാഥന്റെ വേലകൾ ചെയ്തുകൊണ്ട്
കാന്തൻ വരവിനായ് കാത്തിരിക്കാം
കാഹളം കേൾക്കുമ്പോൾ ശുദ്ധരോടൊത്തു നാം
നാഥന്റെ സന്നിധൗ ചേർന്നിടും നിശ്ചയം- **P.O.A.**